

# ആലമറ്റം അമലോത്ഭവമാതാ ഇടവക

അവിഭക്ത തൃശ്ശൂർ രൂപതയുടെ തെക്കേ അറ്റത്ത് ചാലക്കുടിയാറിന്റെ തീരത്ത് ആലമറ്റം എന്നൊരു ചെറുഗ്രാമത്തിലെ വിശ്വാസികൾ ദിവ്യബലിക്കും കൗദാശിക ആവശ്യങ്ങൾക്കുമായി ആറിനക്കരെ കിലോമീറ്ററുകൾ താണ്ടി, ഇടവക ദേവാലയമായ പുത്തൻവേലിക്കര സെന്റ് ജോർജ്ജ് ദേവാലയത്തിൽ പോകേണ്ടിയിരുന്നു. പരിശുദ്ധ അമലോത്ഭവ മാതാവിന്റെയും, വി. അന്തോണീസിന്റെയും തിരുന്നാളുകൾ ആലമറ്റത്തെ കൊച്ചുകപ്പേളയിൽ ഭക്ത്യാഡംബര പൂർവ്വം കൊണ്ടാടിയിരുന്നു. അമലോത്ഭവ മാതാവിന്റെ നാമധേയത്തിൽ പണിതീർത്ത കപ്പേളയുടെ നേതൃത്വം ബഹു. ജോസഫ് കാരാത്ര അച്ചനായിരുന്നു.

## കുരിശുപള്ളി

1957-58 കാലഘട്ടത്തിൽ ബഹു. ജോർജ്ജ് ചിറമ്മലച്ചൻ പുത്തൻവേലിക്കര (മാളവന) സെന്റ് ജോർജ്ജ് പള്ളിയുടെ വികാരിയായി സേവനമനുഷ്ഠിച്ച കാലഘട്ടത്തിൽ കപ്പേളയുടെ സ്ഥാനത്ത് ഒരു കൊച്ചുദേവാലയം നിർമ്മിച്ചു. പിന്നീട്, ബഹു. അബ്രാഹം കിഴക്കൂടനച്ചൻ വികാരിയായി. മാളവന പള്ളിയുടെ കുരിശുപള്ളിയായി മാർ ജോർജ്ജ് ആലപ്പാട്ട് പിതാവ് 1961 ഏപ്രിൽ 4-ന് ആലമറ്റത്തെ ഉയർത്തി. അതോടുകൂടി ഇവിടെ ഞായറാഴ്ചകളിലും കടപ്പെട്ട മറ്റ് ദിവസങ്ങളിലും വി. കുർബാന ആരംഭിച്ചു. അങ്ങനെ നാട്ടുകാരുടെ ചിരകാല അഭിലാഷം സാക്ഷാത്ക്കരിക്കപ്പെട്ടു.

## ഇടവക

ആലമറ്റം കുരിശുപള്ളിയെ ഒരു ഇടവക പള്ളിയാക്കി മാറ്റാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് ജോൺ അമ്പൂക്കനച്ചൻ തുടക്കമിട്ടു. അത് പൂർത്തിയാക്കിയത് റവ. ഫാ. ജോസ് വേഴപ്പറമ്പിൽ ആണ്. അച്ചന്റെ ആഗമനശേഷം പള്ളിക്ക് അല്പം രൂപഭേദങ്ങൾ വരുത്തി. സെമിത്തേരി പണിതീർത്തു. താമസിയാതെ 1972 ഏപ്രിൽ 24-ന് തൃശ്ശൂർ രൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ ജോസഫ് കുണ്ടുകുളം പിതാവ് ഈ കുരിശുപള്ളിയെ ഒരു ഇടവകയായി ഉയർത്തുകയും അതിരുകൾ നിശ്ചയിക്കുകയും ചെയ്തു. പിന്നീട് ഭരണസൗകര്യാർത്ഥം ആലമറ്റത്ത് സേവനമനുഷ്ഠിക്കുന്നതിന് കുണ്ടൂർ പള്ളിയുടെ ചാർജുള്ള ബഹു. വികാരിയച്ചന്മാരാണ് വന്നത്. 1988-ൽ ബഹു. ലാസർ കുറ്റിക്കാടനച്ചൻ ഇടവകയിൽ കുടുംബയൂണിറ്റുകൾ സ്ഥാപിച്ചു.

## ദേവാലയ പുനർനിർമ്മാണം

ബഹു. ജോൺ കവലക്കാട്ട് (Jr.) അച്ചന്റെ വരവോടെ നാട്ടുകാരുടെ ചിരകാലാഭിലാഷമായ ദേവാലയ പുനർനിർമ്മാണമെന്ന ആഗ്രഹത്തിന് രൂപവും ഭാവവും കൈവന്നു. പത്തംഗ കമ്മിറ്റിയുടെ



വേളാങ്കണ്ണിമാതാ കപ്പേള



സെന്റ് ജോസഫ് കപ്പേള

മേൽനോട്ടത്തിൽ പുതുക്കിപ്പണിത ദേവാലയത്തിന്റെ ആശീർവാദകർമ്മം മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ 22.2.2000-ൽ നിർവ്വഹിച്ചു. നിർത്തിവച്ചിരുന്ന മുഖവാര പണി ബഹു. ഡേവിസ് കുടിയിരിക്കലച്ചന്റെ നേതൃത്വത്തിൽ പുനരാരംഭിക്കുകയും 25.8.2002-ൽ പണി പൂർത്തിയായ മുഖവാരത്തിന്റെ ആശീർവാദം മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിക്കുകയും ചെയ്തു.



മതബോധന ഹാൾ

ഈ ഇടവകയിൽ 145 വീട്ടുകാരും 18 ലാറ്റിൻ കുടുംബാംഗങ്ങളുൾപ്പെടെ മൊത്തം 163 വീട്ടുകാർ ആണുള്ളത്. ജനസംഖ്യ ആകെ 765. ഈ പള്ളിയുടെ കീഴിൽ രണ്ട് കപ്പേളകൾ സ്ഥാപിതമായിട്ടുണ്ട്. ഒന്ന്, വി. യൗസേപ്പിതാവിന്റെ നാമധേയത്തിലും മറ്റൊന്ന് പരിശുദ്ധ വേളാങ്കണ്ണി മാതാവിന്റെ നാമധേയത്തിലും. കൂടാതെ മതബോധന ഹോളും നിർമ്മിച്ചിട്ടുണ്ട്.